തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Geromic George IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണവകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-കൃഷിഫാമുകളുടെ അക്കൌണ്ടിംഗ് സംവിധാനത്തിന്റെ ആധുനിക വൽക്കരണം- കാർഷിക ഫാമുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഭരണപരമായ പരിഷ്കാരങ്ങൾ-പ്രവർത്തനങ്ങളുടെ ഏകോപനം- റൂറൽ ഡയറക്ടറെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

ഉത്തരവ് നമ്പർ LSGD/PD/24767/2025-DPLA4 തീയതി: 07-12-2025

പരാമർശം: 1) തദ്ദേശ സ്വയംഭരണ(എഎ)വകുപ്പിൽ നിന്നുള്ള 06.11.2025 ലെ എഎ1/15/2023-എൽ.എസ്.ജി.ഡി നമ്പർ കത്ത്

2) 08/07/2025 തീയതി ചേർന്ന യോഗതീരുമാനങ്ങൾ

3) 12/08/2025 തീയതി ചേർന്ന യോഗതീരുമാനങ്ങൾ

4) ഉത്തരവ് നം.LSGD/PD/24767/2025-DPLA4 തിയതി 21/11/2025

ഉത്തരവ്

കൃഷി ഫാമുകളുടെ അക്കൗണ്ടിംഗ് സംവിധാനം കുറ്റമറ്റതും ആധുനീകരിച്ച് കേന്ദ്രീകൃത സംവിധാനം ആക്കുന്നതിനും കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 20/04/2023 ലെ യോഗം നിർദ്ദേശിച്ചതിനെ തുടർന്ന് 20/09/2023, 08/11/2024, 28/04/2025, 08/07/2025 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുള്ളതും പുരോഗതി വിലയിരുത്തി വരുന്നതുമാണ്.

ഇതിനകം നടപ്പാക്കിയിട്ടുള്ള കെ- സ്മാർട്ട് പ്രോജക്ടിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള ഫാമുകളുടെ വരുമാനം രേഖപ്പെടുത്തി കുറ്റമറ്റതാക്കാനുള്ള ഒരു സംവിധാനം നിലവിൽ ആരംഭിച്ചിട്ടുള്ളതും, ആയതിന്റെ തുടർച്ചയായി കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ അക്കൌണ്ടിംഗ് സിസ്റ്റം കൂടി ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ഐകെഎം -നെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ഫാം സോഫ്റ്റ്വെയർ പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഐകെഎം- കൃഷിവകുപ്പ്തല ചർച്ചകൾ നടത്തുന്നതിനും, കൃഷി വകുപ്പ് കൈമാറുന്ന റിക്വയർമെൻറിനനുസരിച്ച് നിർദ്ദിഷ്ട പ്രോജക്ടിനാവശ്യമായ സോഫ്റ്റ്വെയർ രൂപീകരിക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കും ആവശ്യമായ മനുഷ്യശേഷി, ഫിനാഷ്യൽ മെമോറാണ്ടം, രൂപരേഖ, കൃത്യമായ റോഡ് മാപ്പ് തയ്യാറാക്കിയുള്ള പ്രവൃത്തി, സംഘാടനം എന്നിവയടങ്ങുന്ന വിശദമായ പ്രൊപ്പോസൽ ഐകെഎം തയ്യാറാക്കി നൽകുന്നതിനും കൃഷിവകുപ്പ് ഡയക്ടർ പ്രൊപ്പോസൽ പരിശോധിച്ച് കൃഷി വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിൽ സമർപ്പിക്കുന്നതിന് സൂചന 2 പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. പ്രോജക്ടിന്റെ കൃത്യവും സുഗമവുമായ പൂർത്തീകരണത്തിനായി കൃഷി-തദ്ദേശ വകുപ്പ് തലത്തിൽ കൃത്യമായ

ഏകോപനം ഉണ്ടാകേണ്ടതാണ് എന്നും ടി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

ഫാം സോഫ്റ്റ്വെയർ വികസനവുമായി ബന്ധപ്പെട്ട് നടപടികൾ ഏകോപിപ്പിക്കുന്നതിന് ഈ ഓഫീസിലെ സിസ്റ്റം മാനേജർ ശ്രീ. സുനിൽ -നെ കോ-ഓർഡിനേറ്റർ ആയി നിയമിച്ച് സൂചന 4 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കൃഷി ഫാമുകളുടെ കൂട്ടമറ്റ പ്രവർത്തനത്തിനും പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ഭരണപരമായ പരിഷ്കാരങ്ങൾ ശുപാർശ ചെയ്യുന്നതിനുമുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറായി റൂറൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

Geromic George IAS

PRINCIPAL DIRECTOR

പകർപ്പ്:

1. പ്രിൻസിപ്പൽ ഡയറക്ടറുടെ സി.എ
2. റൂറൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്.
3. സ്പെഷ്യൽ സെക്രട്ടറി,(തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്.
4. ഡയറക്ടർ, IKM.
5. കൃഷി, മൃഗസംരക്ഷണ, SC/ST വകുപ്പുകൾ.
6. ആഡിറ്റ് സെക്ഷൻ(AM section), പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 07-12-2025 21:48:56